(ബി) എങ്കിൽ ഈ കലണ്ടറനുസരിച്ച് സർവ്വകലാശാലകൾ പരീക്ഷ നടത്തുകയും ഫലം പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര കാലമായി കലണ്ടറിൽ പറഞ്ഞിട്ടുള്ള തീയതിക്ക് പരീക്ഷ നടത്താതെയും ഫലം പ്രഖ്യാപിക്കാതെയും തുടർന്നുവരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) എം. ജി. സർവ്വകലാശാലയിൽ പരീക്ഷ നടത്തിപ്പും ഫല പ്രഖ്യാപനവും മുൻകൂട്ടി നിശ്ചയിച്ച പ്രകാരം നടത്താത്തതുമൂലം വിദ്യാർത്ഥികൾക്ക് വിലപ്പെട്ട വർഷങ്ങൾ നഷ്ടമാകുന്നുവെന്നാരോപിച്ചുകൊണ്ട് ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) കാലിക്കറ്റ് സർവ്വകലാശാല ഒഴികെയുള്ള സർവ്വകലാശാലകൾ പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതായി അറിയിച്ചിട്ടുണ്ട്.

(ബി) കേരള സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, എന്നീ സർവ്വകലാശാലകൾ അവരുടെ പരീക്ഷാ കലണ്ടർ പ്രകാരം ഒരു പരിധിവരെ പരീക്ഷകൾ നടത്തി ഫല പ്രഖ്യാപനം നടത്തുന്നുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ പരീക്ഷാക്രമം കഴിഞ്ഞ കുറേ കാലങ്ങളായി പാലിക്കപ്പെടുന്നില്ല.

(സി) ഉണ്ട്.

(ഡി) കേസുകൾ കോടതിയുടെ പരിഗണനയിലാണ്.

വി. എച്ച്. എസ്. ഇ. വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട്

222 [366] ശ്രീ. ലൂഡി ലൂയിസ്:

,, ജോർജ്ജ് ജെ. മാത്യു: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. എച്ച്. എസ്. ഇ. കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ ഉന്നത പഠനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ വി. എച്ച്. എസ്. ഇ. കോഴ്സ് കർണ്ണാടക ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ഡി) കർണ്ണാടകത്തിൽ പാരാമെഡിക്കൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ച കേരളീയരായ വി.എച്ച്. എസ്. ഇ. കോഴ്സ് പാസ്സായ കുട്ടികൾക്ക് അവിടെ തുടർന്ന് പഠിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കർണ്ണാടകയിലെ രണ്ട് സർവകലാശാലകൾ അംഗീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) കർണ്ണാടകത്തിലെ രാജീവ്ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ കീഴിലുള്ള വിവിധ പാരാമെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ കേരളത്തിലെ വി. എച്ച്. എസ്. ഇ. കോഴ്സ് പാസായ വിദ്യാർത്ഥികൾക്കാണ് തുടർന്ന് പഠിക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടത്. ഇതു പരിഹരിക്കുന്നതിന് കർണ്ണാടക ഗവർണ്ണർ, മെഡിക്കൽ വിദ്യാഭ്യാസ മന്ത്രി, സർവ്വകലാശാലയുടെ വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവരുടെ ശ്രദ്ധയിൽ ഈ വിഷയം പെടുത്തുന്നതിന് മുഖ്യമന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, പൊതു വിദ്യാഭ്യാസ സെക്രട്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ തലത്തിൽ കത്തിടപാടുകൾ നടത്തി, വൊക്കേഷണൽ, ഹയർ സെക്കണ്ടറി കോഴ്സിന്റെ ഘടനയും സ്വഭാവവും സർവ്വകലാശാലാധികൃതരെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 22-7-2004-ന് ചേരുന്ന രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ സിൻഡിക്കേറ്റ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly